ഉത്തരം

ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾ ഖരമാലിന്യങ്ങളോ പാഴ്ജലം, പാഴ് വായു, ശബ്ദ മലിനീകരണം എന്നിവയോ ഉണ്ടാക്കുവാൻ സാദ്ധ്യതയുള്ള വ്യവസായ ശാലകൾക്കോ മറ്റു വ്യാപാര സ്ഥാപനങ്ങൾക്കോ ലൈസൻസ് നൽകുമ്പോൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജലം/വായു നിയമപ്രകാരമുള്ള 'കൺസന്റ് ടു എസ്റ്റാബ്ലിഷ്' ഉള്ളവർക്കു മാത്രമേ നൽകാവൂ എന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസു പുതുക്കി നൽകുമ്പോൾ ബോർഡിന്റെ 'കൺസന്റ് ടു ഓപ്പറേറ്റ്' ഉള്ളവയ്ക്കേ നൽകാവൂ എന്നും വ്യവസ്ഥയുണ്ട്. പഞ്ചായത്ത്‌രാജ് ചട്ടങ്ങളനുസരിച്ച് എല്ലാ സ്ഥാപനങ്ങളും അതാത് ഇടത്തുണ്ടാകുന്ന മാലിന്യങ്ങൾ സംഭരിക്കാനും നിർമ്മാർജ്ജനം ചെയ്യാനും ബാദ്ധ്യസ്ഥരാണ്. മുനിസിപ്പാലിറ്റി ചട്ടങ്ങളിലും ഇതിന് വ്യവസ്ഥയുണ്ട്.

പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് രൂപീകരിക്കുവാൻ നടപടി

10 [663] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരിപക്ഷത്തിന് പ്രാധാന്യമുള്ള ജനാധിപത്യക്രമത്തിൽ, ഭൂരിപക്ഷം വരുന്ന പിന്നോക്ക സമുദായങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയ ബന്ധിതമായും നടപ്പിലാക്കുവാൻ വേണ്ടി പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് അടിയന്തിരമായി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കടലാക്രമണം തടയുന്നതിൽ കണ്ടൽക്കാടുകളുടെ പ്രാധാന്യം

11 [665] ശ്രീ. ലൂഡി ലൂയിസ്:
„ ജോർജ് ജെ. മാത്യു:
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം തടയുന്നതിന് കണ്ടൽക്കാടുകൾ അനുയോജ്യമാണെന്ന് സംസ്ഥാനത്ത് കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാം; ഇതിൽ വേമ്പനാട്ടുകായലും ഉൾപ്പെടുന്നുണ്ടോ;

(ബി) വേമ്പനാട് കായൽതീരത്ത് കണ്ടൽക്കാടിനായുള്ള കർമ്മപദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് പറയാമോ;

(സി) എത്ര ഹെക്ടർ സ്ഥലത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത് എന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് കണ്ടൽക്കാടുകൾ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള തീരപ്രദേശങ്ങളിലും പ്രത്യേകിച്ച് കടലും കായലും ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലുമാണ് ഇത് കൂടുതലായി പ്രയോജനപ്പെടുന്നത്. ഉത്തരകേരളത്തിലെ കടലോര പ്രദേശങ്ങളും വേമ്പനാട് കായലിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളും കൊല്ലം, എറണാകുളം ജില്ലകളിലെ കടലോരപ്രദേശങ്ങളും ഇക്കൂട്ടത്തിൽപ്പെടുന്നു.

(ബി) വേമ്പനാട് കായൽതീരത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതി വനംവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇത് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി ഉടൻ സമർപ്പിക്കുന്നതാണ്.

(സി) 25 ഹെക്ടർ സ്ഥലത്ത് അഞ്ചു വർഷം കൊണ്ട് 1,25,000 കണ്ടൽതൈകൾ വച്ചുപിടിപ്പിക്കാനാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്.

നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണവും പുനരുദ്ധാരണവും

12 [667] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി എത്ര റോഡുകൾ നിർമ്മിക്കുവാനും പുനരുദ്ധരിക്കുവാനുമാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിൽ ഏതെല്ലാം റോഡുകൾക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്; ഓരോന്നിന്റേയും അടങ്കൽ തുക എത്ര;

(സി) പത്തനാപുരം താലൂക്കിൽപ്പെട്ട റോസ്മല റോഡിന്റെ പുനരുദ്ധാരണത്തിന് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ റോഡിന്റെ അടങ്കൽ തുക എത്രയാണ്; ഈ വർക്കിന്റെ എ. എസ്., ടി. എസ്. ഇവ ലഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ഇതിന്റെ പണി ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂപ്പത്തെണ്ണം.

(ബി & സി) നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ച ശുപാർശകൾ നബാർഡ് പരിശോധിച്ചുവരികയാണ്. നബാർഡ് ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ള റോഡുകളുടെ വിവരവും അടങ്കൽ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ആര്യങ്കാവ്-രാജാകുപ്പ്-റോസ്മല റോഡിനായി 118.10 ലക്ഷം രൂപയുടെ അടങ്കൽ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രോജക്ട് നബാർഡ് അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ സാങ്കേതിക അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly